# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3708 15.05.2017-ൽ മറുപടിക്ക്

### പ്ലസ് ടു അധ്യാപക നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ഡോ.എം. കെ. മുനീർ | | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | 2014 - 15, 2015 - 16 അദ്ധ്യയന വർഷങ്ങളിൽ അനുവദിച്ച സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ആവശ്യമായ അധ്യാപക/അനധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനു തത്വത്തിൽ തീരുമാനിക്കുകയും 2016 അദ്ധ്യയന വർഷം പ്രാബല്യത്തിൽ തസ്തികകളുടെ എണ്ണം രേഖപ്പെടുത്തിക്കൊണ്ടുള്ള വിശദമായ ഉത്തരവ് ഇറക്കണമെന്നും വ്യക്തമാക്കികൊണ്ട് മുൻ സർക്കാരിന്റെ കാലത്ത് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നതായി അറിയാമോ; ഇതു സംബന്ധിച്ച വിശദമായ ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; വ്യക്തമാക്കാമോ; ഇതിന്റെ തുടർ നടപടി വിശദമാക്കാമോ; | (എ) | 2014-15, 2015-16 അദ്ധ്യന വർഷങ്ങളിൽ സർക്കാർ പുതുതായി അനുവദിച്ച ഹയർ സെക്കന്ററി സ്കൂളുകൾക്ക് / ബാച്ചുകൾക്ക് ആവശ്യമായ അദ്ധ്യാപക-ലാബ് അസിസ്റ്റന്റ് തസ്തികകൾ സൃഷ്ടിക്കാൻ സർക്കാർ തത്വത്തിൽ 11.04.2016-ലെ സ.ഉ(കൈ) നം.76/2016/പൊവി നമ്പർ ഉത്തരവ് പ്രകാരം തീരുമാനിച്ചിരുന്നു. ഇതു സംബന്ധിച്ച് തസ്തികകളുടെ എണ്ണം വ്യക്തമാക്കിക്കൊണ്ടുള്ള വിശദമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പുതുതായി അനുവദിച്ച സർക്കാർ/എയ്ഡഡ് സ്കൂളുകളിലേക്കും, അധിക ബാച്ചുകളിലേക്കും തസ്തികകൾ സൃഷ്ടിക്കുന്നതിന് ധന വകുപ്പ് ഏതെങ്കിലും തരത്തിലുള്ള എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ടോ; അതിൽ വിദ്യാഭ്യാസ വകുപ്പിന്റെ നിലപാട് വിശദീകരിക്കാമോ; | (ബി) | അധ്യാപകരുടെ ജോലിഭാരം പുനഃക്രമീകരണം നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യം വിദ്യാഭ്യാസ വകുപ്പ് പരിശോധിക്കുന്നതേയുള്ളൂ. |
| (സി) | ടി സ്കൂളുകളിൽ ജോലി ചെയ്തു വരുന്ന അധ്യാപകർക്ക് വിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്ന ദിവസ വേതനം പലർക്കും ലഭിക്കാത്തതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ഉത്തരവ് പ്രകാരം എത്ര അധ്യാപകർക്ക് വേതനം ലഭിച്ചു; ഏതെല്ലാം വർഷങ്ങളിലെ വേതനമാണ് ലഭിച്ചത്; എത്ര പേർക്ക് വേതനം ഇനിയും ലഭിക്കാനുണ്ട്; ആർ. ഡി. ഡി. തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ? | (സി) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.